**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **06-10-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2012 സംരംഭങ്ങൾ ആരംഭിച്ചു. സംരംഭക സഹായ പദ്ധതി പ്രകാരം 25 സംരംഭങ്ങൾക്കായി 1,06,59,428/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രോജക്ടിന്റെ ഭാഗമായി നെടുങ്കണ്ടം ബ്ലോക്ക് പരിധിയിൽ, 2 ലക്ഷം രൂപ സബ്സിഡിയോടു കൂടി 16 ഗ്രൂപ്പുകൾ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കട്ടപ്പന ബ്ലോക്കിന്റെ പരിധിയിൽ, 2 ലക്ഷം രൂപ സബ്സിഡിയോടു കൂടി 2 ഗ്രൂപ്പുകൾ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 21 സ്ഥാപനങ്ങൾ ആരംഭിക്കുകയും നിയോജക മണ്ഡല പരിധിയിലെ 8 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ പരിശീലന ക്ലബുകൾക്ക് വിവിധ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വീതം അനുവദിക്കുകയും ചെയ്യുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 190 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ വ്യവസായ മേഖലയിലെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 116 സംരംഭങ്ങൾ ആരംഭിക്കുകയും എല്ലാ പഞ്ചായത്തുകളിലും ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുകയും ചെയ്തു. 10 പഞ്ചായത്തുകളിലെ സംരംഭങ്ങൾക്കായി 30 ജനറൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, 20 ലോൺ മേളകൾ, 10 സംരംഭക സഭകൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ, എം.എസ്സ്.എം.ഇ ക്ലിനിക്ക്, ബാങ്കേഴ്സ് മീറ്റ്, രാജാക്കാട് വെച്ച് എക്സ്പോർട്ട് വർക്ക്ഷോപ്പ്, മൂന്നു നിക്ഷേപക സംഗമങ്ങൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് വേണ്ടി 2 ടെക്നോളജി ക്ലിനിക്കുകൾ എന്നിവയും സംഘടിപ്പിച്ചു. മിഷൻ 1000 പദ്ധതിയിൻ |

| | | | |
|---|---|---|---|
| | | | കീഴിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി 6 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങളിൽ 2 എണ്ണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ